ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കേരളത്തിലെ വിവിധ ആശുപത്രികളിലായി 71 സ്ഥാപനങ്ങളിലാണ് ഡന്റൽ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നത്. സർക്കാർ ആശുപത്രികളിൽ ഡന്റൽ സർജൻമാരുടെ ദൗർലഭ്യമുണ്ട് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഘട്ടംഘട്ടമായി ഡന്റൽ ചികിൽസാ വിഭാഗം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുകയാണ്. അതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ആറ്റിങ്ങൽ, നാദാപുരം ഗവൺമെന്റ് ആശുപത്രികളിൽ ഡന്റൽ ക്ലിനിക്കുകൾ ആരംഭിക്കുകയും തസ്തികകൾ നികത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും ധനലഭ്യതയനുസരിച്ച് ഡന്റൽ സർജൻമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(12) കുട്ടനാട്ടിലേയ്ക്ക് ശുദ്ധജലം പമ്പുചെയ്യുന്ന മെയിൻലൈൻ തുടർച്ചയായി പൊട്ടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ഡോ. കെ.സി. ജോസഫ് : സർ, കുട്ടനാട് മേഖല ശുദ്ധജലക്ഷാമം കൊണ്ട് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. 'വെള്ളം വെള്ളം സർവ്വത്ര തുള്ളി വെള്ളം കുടിപ്പാൻ ഇല്ലത്രെ' എന്നുള്ള സ്ഥിതിയാണ്. അതു പരിഹരിക്കാൻവേണ്ടി ആവിഷ്ക്കരിച്ച് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയപ്പോൾ കുട്ടനാട് ഒഴിച്ചുള്ള എല്ലാ സ്ഥലത്തും വെള്ളം കൊടുത്തു. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി എന്നാണ് പേര്, പക്ഷേ കുട്ടനാട് ഒഴിച്ചുള്ള എല്ലായിടത്തും വെള്ളം കൊടുത്തു. ചില പദ്ധതികൾ നടപ്പിലാക്കി കുട്ടനാട്ടിനു വേണ്ടി പ്രത്യേക പമ്പിംഗ് തുടങ്ങിയപ്പോൾ മെയിൻ ലൈൻ പൊട്ടിപ്പോകുന്നതുകൊണ്ട് കഴിഞ്ഞ ഒരു മാസമായി കുട്ടനാട്ടിൽ വെള്ളം ലഭിക്കുന്നില്ല. അത് പരിഹരിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം. പമ്പിംഗ് ലൈൻ മാറ്റിയിടണം, അതുപോലെ കുട്ടനാട്ടിലെ ശുദ്ധജലപദ്ധതിയുടെ മെയിൻ ലൈൻ ആണ് ചങ്ങനാശ്ശേരിയിൽ എത്തിനിൽക്കുന്നത്. അവിടെനിന്ന് വെള്ളം കൊടുക്കുകയെന്നുള്ളത് മാത്രമാണ് പോംവഴിയായിട്ടുള്ളത്. ഈ നിലയിൽ ആ പ്രശ്നം പരിഹരിക്കുകയും ഉദ്ദേശിച്ച സ്ഥലത്ത് വെള്ളം എത്തിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കുട്ടനാട്ടിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി 1977-ലാണ് കമ്മീഷൻ ചെയ്തത്. തിരുവല്ലയിലെ ജലസംഭരണിയിൽനിന്ന് ഗ്രാവിറ്റി രീതിയിലാണ് ശുദ്ധജല വിതരണം നടത്തിയിരുന്നത്. ഇത് അപര്യാപ്തമായതിനാൽ ടെക്നോളജി മിഷന്റെ സബ്മിഷൻ സ്കീമിൽ ഉൾപ്പെടുത്തി 6.13 കോടി രൂപയുടെ ഒരു വിപുലീകരണ പദ്ധതിക്ക് അംഗീകാരം നൽകി, ഇതിനുവേണ്ടി 11.6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ശുദ്ധീകരണ ശാല പൂർത്തിയാക്കി കൂടുതൽ ജലം കുട്ടനാട്ടിലേയ്ക്ക് പമ്പ് ചെയ്തപ്പോഴാണ് പൈപ്പ്ലൈനിൽ ചിലയിടങ്ങളിൽ പൊട്ടൽ ഉണ്ടായത്. മുൻപ് സ്ഥാപിച്ചിരുന്നതും 23 വർഷത്തിൽക്കൂടുതൽ പഴക്കമുള്ളതുമായ പൈപ്പിൽ കൂടിയാണ് വെള്ളം പമ്പ് ചെയ്തത്. കാലപ്പഴക്കംമൂലം പഴയ പൈപ്പ് ലൈനിൽ പൊട്ടലുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രോജക്ട് റിപ്പോർട്ടുകൾ സൂചിപ്പിച്ചിരുന്നതിനാൽ ആവശ്യമുള്ള പൈപ്പുകൾ വാങ്ങി സൂക്ഷിച്ചിരുന്നു. ഇത്തരം പൊട്ടലുകൾ ആ ലൈനിലെ എല്ലാ പൈപ്പുകളിലും ഉണ്ടാകുമെന്ന് കരുതാനാകില്ല. ആയതിനാൽ ഇപ്പോഴുണ്ടായ നാല് പൊട്ടലുകളേയും ആസ്പദമാക്കി തിരുവല്ല മുതൽ നീരേറ്റുപുറം വരെ പുതിയ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനെപ്പറ്റി ഉടൻ തീരുമാനം എടുക്കുന്നത് ഉചിതമല്ല. ഇതിനെക്കുറിച്ച് സൂക്ഷ്മമായ ഒരു പഠനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവല്ലയിലെ ശുദ്ധീകരണശാലയിൽനിന്നും ചങ്ങനാശ്ശേരിയിലേയ്ക്കും നാല് പഞ്ചായത്തുകളിലേക്കും ശുദ്ധജല വിതരണം നടത്തുന്നതിന് വോൾട്ടേജ് ബൂസ്റ്റർ ഉണ്ടെങ്കിൽപ്പോലും വെള്ളം പമ്പ് ചെയ്യാൻ വൈകുന്നേരം ആറ് മണി മുതൽ 11 മണിവരെയുള്ള സമയങ്ങളിൽ നിയന്ത്രണമുള്ളതിനാൽ ആവശ്യമായ ശുദ്ധ ജലം വിതരണം ചെയ്യുന്നതിൽ കുറവ് ഉണ്ടായിട്ടുണ്ട്. തൻമൂലം പല ഭാഗങ്ങളിലും ജലത്തിന്റെ ലഭ്യത കുറവാണ്. ഇപ്പോൾ നീരേറ്റുപുറം വഴിയാണ് കിടങ്ങറ ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നത്. ഈ ജലസംഭരണിയിലേയ്ക്ക് ചങ്ങനാശ്ശേരിയിൽ നിന്നും ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനിന്റെ ശേഷിക്കുന്ന പണികൾതീർത്ത് അവിടെ ജലം എത്തിക്കുന്നജോലി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) കൂത്തുപറമ്പ് മണ്ഡലത്തിലെ ശുദ്ധജല വിതരണം

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുന്നതിനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പിണറായി പഞ്ചായത്തിലെ എരുവെട്ടി പദ്ധതി നിരവധി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്താണ് പദ്ധതി ടെൻഡർ ചെയ്തത്. ടാങ്കിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നു പറഞ്ഞു. ഈ വർഷം കമ്മീഷൻ ചെയ്യാമെന്ന് ഉദ്ദേശിച്ചിരുന്ന ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമോ എന്ന് സംശയത്തിലാണ്. ഈ പദ്ധതി ഈ വേനൽക്കാലത്ത് തന്നെ കമ്മീഷൻ ചെയ്തുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം എന്നാണ് അപേക്ഷിക്കാനുള്ളത്. അതുപോലെതന്നെ മാങ്ങാട്ടിടം പദ്ധതിയുടെ മൂന്ന് സോണുകൾ ചെറിയ ചില പണികൾകൂടി പൂർത്തിയായാൽ കമ്മീഷൻ ചെയ്യാനും ശുദ്ധജലം വിതരണം നടത്താനും കഴിയും. ആ പദ്ധതി കമ്മീഷൻ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മലയോരപ്രദേശമായ കണിച്ചാർ പഞ്ചായത്തിലെ കുരിശുമല പദ്ധതിയുടെ പൈപ്പിന്റെയും ടാങ്കിന്റെയും പണിയും തീർന്നിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ സഹായത്തോടുകൂടിയാണ് പണി ചെയ്യുന്നത്. വാട്ടർ അതോറിറ്റി വിചാരിച്ചാൽ എത്രയുംപെട്ടെന്ന് അതിന് മോട്ടോർ കൊടുക്കുന്നതിന് കഴിയും. മോട്ടോർ കിട്ടാത്ത അപാകത മാത്രമാണ് ആ പദ്ധതിക്കുള്ളത്. അതോടൊപ്പം ഈ ശുദ്ധജല സംഭരണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കൂത്തുപറമ്പ് മുനിസിപ്പാലിറ്റിക്കും കോട്ടയം പഞ്ചായത്തിനും വേണ്ടി ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും എൽ.ഐ.സി. ലോണിനുവേണ്ടി അത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ സർവ്വേ പൂർത്തിയായി. പദ്ധതി എത്രയുംപെട്ടെന്ന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂത്തുപറമ്പിലെ മാറൊളിഘട്ടിൽ വളരെ പഴക്കമുള്ള ഒരു വലിയ കുളം ഉണ്ട്. ആ കുളം വൃത്തിയാക്കി സൂക്ഷിച്ചാൽ മുനിസിപ്പാലിറ്റിക്ക് ആവശ്യമായ ശുദ്ധജലം ലഭിക്കും. കുളം വൃത്തിയാക്കുന്നതിന് തുക അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, എരുവെട്ടി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിക്കു

LIBRARY ARCHIVES Kerala Legislative Assembly